**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1268** **07-12-2022 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ് സംസ്ഥാനത്തെ ക്ഷീര കർഷകരെ ദുരിതത്തിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലിത്തീറ്റയുടെ വില വർദ്ധനവ് പാൽ ഉൽപാദന ചെലവ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ഡിസംബർ ഒന്ന് മുതൽ പാൽ വില വർദ്ധിപ്പിച്ചതിലൂടെ ക്ഷീരകർഷകർക്ക് ആശ്വാസകരമാകുന്ന നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ക്ഷീര കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് കർഷകർക്ക് ഇപ്പോൾ കാലിത്തീറ്റയ്ക്കുള്ള സബ്സിഡി നൽകുന്നുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. ഒരു പശുവിന് പരമാവധി 2 ചാക്ക് കാലിത്തീറ്റയാണ് 50% സബ്സിഡിയോടു കൂടി നൽകുന്നത്. ഒരു കർഷകന് പരമാവധി 10,000/- രൂപ വരെ ഒരു സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ ലഭിക്കുന്നു.<br><br>കൂടാതെ ക്ഷീരവികസന വകുപ്പ് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് |

| | | | |
|---|---|---|---|
| | | | നൽകുന്നുമുണ്ട്. സമീകൃത കാലിത്തിറ്റയ്ക്ക് നിലവിൽ വകുപ്പ് ധനസഹായം നൽകുന്നില്ല |
| (സി) | പാലിന്റെ വിലയും കാലിത്തീറ്റയുടെ വിലയും തമ്മിൽ വലിയ അന്തരമുള്ളതിനാൽ നിലവിൽ കൊടുക്കുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | സബ്സിഡി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ